# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 924 — 01.03.2017 -ൽ മറുപടിക്ക്

## അരുണാപുരം മിനി ഡാം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എം.മാണി | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത്. കടുത്ത വരൾച്ച മൂലം ജല ദൗർലഭ്യം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കോട്ടയം ജില്ലയിൽ ജലദൗർലഭ്യം നേരിടുവാൻ എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വിശദീകരിക്കാമോ; | (ബി) കോട്ടയം ജില്ലയിൽ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിയുടെ കനാലുകളാണ് കടന്നുപോകുന്നത്. മലങ്കര ഡാമിലെ ജല ലഭ്യത അനുസരിച്ച് കനാൽ വഴി വെള്ളം തുറന്നു വിടുന്നതാണ്. |
| (സി) അരുണാപുരം മിനി ഡാം പദ്ധതിയുടെ നിർവഹണ പുരോഗതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ? | (സി) മീനച്ചിൽ റിവർവാലി പ്രോജക്ടിൽ ഉൾപ്പെടുത്തി അരുണാപുരത്ത് നിർമ്മിക്കുന്ന മിനിഡാമിന്റെ നിർമ്മാണപ്രവർത്തികൾ ടെണ്ടർ ചെയ്യുകയും ശ്രീ.ജോസ് തോമസ് എന്ന കോൺട്രാക്ടർക്ക് 05/03/2016-ന് സൈറ്റ് കൈമാറുകയും ചെയ്തിരുന്നു. മിനി ഡാമിന്റെ ഫൗണ്ടേഷൻ വർക്കുകൾ ആരംഭിച്ചപ്പോൾ പ്രസ്തുത സ്ഥലത്തെ ഹാർഡ് റോക്ക് ലെവലിൽ വ്യത്യാസം കണ്ടതിനാൽ റിവൈസ്ഡ് ഡിസൈൻ ആവശ്യമായി വന്നു. റിവൈസ്ഡ് ഡിസൈൻ ആന്റ് ഡ്രോയിങ്ങിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ